**പതിനാലാം കേരളനിയമസഭ**

**പതിനെട്ടാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 22** | **03.02.2020-ൽ മറുപടി നൽകേണ്ടിയിരുന്നത്** |

**കൗമാരക്കാരായ വിദ്യാർഥികളിലെ മയക്കമരുന്നുകളുടെ ദുഃസ്വാധീനങ്ങൾ**

| **ചോദ്യം**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ** | | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** | |
|---|---|---|---|
| (എ) | മയക്കമരുന്ന്, കൊട്ടേഷൻ സംഘാംഗങ്ങളായി നിരവധി വിദ്യാർഥികൾ മാറുന്നതായുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളെ മയക്കമരുന്ന്, കൊട്ടേഷൻ സംഘങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി സ്കൂൾ, കോളേജ് തലത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുകയും, ഗുരുകുലം പദ്ധതിയുടെ ഭാഗമായി അനധികൃതമായി സ്കൂളിൽ നിന്നും വിട്ടു നിൽക്കുന്ന വിദ്യാർത്ഥികളെ നിരീക്ഷിച്ചും, എസ്.പി.സി, വിമുക്തി പദ്ധതി, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി, സ്റ്റുഡൻസ് പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവയുടെ സഹായത്തോട് കൂടി വിവരശേഖരണം നടത്തിയും PTA, റസിഡൻസ് അസോസിയേഷൻ എന്നിവരുടെ സഹായത്തോട് കൂടി വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ജനമൈത്രി പോലീസ്, സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്, DANSAF (ഡിസ്ട്രിക്ക് ആന്റി നർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്) എന്നിവ ഉപയോഗിച്ച് രഹസ്യ വിവരങ്ങൾ ശേഖരിച്ചും, നിരന്തര റെയ്ഡുകളും, സ്പെഷ്യൽ ഡ്രൈവുകളും മറ്റും നടത്തിയും ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കൗമാരക്കാരിൽ വർധിച്ചുവരുന്ന ആത്മഹത്യയുടെയും കൊലപാതകങ്ങളുടെയും മറ്റു ഗുരുതര കുറ്റകൃത്യങ്ങളുടെയും എണ്ണം ക്രമാതീതമായി പെരുകുന്ന സാഹചര്യത്തിൽ വിദ്യാർഥികളുടെ മാനസിക ആരോഗ്യവും ബൗദ്ധിക നിലവാരവും ഉയർത്തി മൂല്യാധിഷ്ഠിതമായ ജീവിതചര്യ രൂപപ്പെടുത്തുവാൻ കഴിയും വിധം വിവിധ വകുപ്പുകളുടെ സംയുക്ത കർമ്മ പരിപാടികൾക്ക് രൂപം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി)<br>യും<br>(സി)<br>യും | കൗമാരക്കാരെ വഴി തെറ്റിക്കുന്ന ദുഃസ്വാധീനങ്ങൾക്കെതിരെ ജാഗ്രതയോടെയുള്ള ശക്തമായ നടപടി സ്വീകരിക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ് പോലീസ്, എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു.<br>**ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി):** സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 304 സ്കൂളുകളിൽ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി) പദ്ധതി വിദ്യാഭ്യാസം, ആരോഗ്യം, എക്സൈസ്, തദ്ദേശസ്വയംഭരണം, പോലീസ് തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. ആത്മഹത്യാപ്രവണത, കൊലപാതകം തുടങ്ങിയവയടക്കമുള്ള മാനസികാരോഗ്യ പ്രശ്നങ്ങളെ ക്ലാസ്സ്റൂം തലത്തിൽ തന്നെ ശാസ്ത്രീയമായി കണ്ടെത്തി പരിചരണം ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണിത്.<br>**കാവൽ:** ജുവനൈൽ ജസ്റ്റിസ് ബോർഡിനു മുമ്പാകെ ഹാജരാക്കപ്പെടുന്ന നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മനഃശാസ്ത്രപരമായ പരിരക്ഷയും പിന്തുണയും നൽകി സ്വഭാവപരിവർത്തനം സാധ്യമാക്കി ശരിയായ സാമൂഹ്യജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ ഇടപെടൽ പരിപാടിയായ കാവൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. വനിതാ ശിശു വികസന വകുപ്പ് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ നേതൃത്വത്തിൽ ജുവനൈൽ ജസ്റ്റിസ് ബോർഡ്, സി.ഡബ്ല്യു.സി, പോലീസ്, എക്സൈസ്, വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശസ്വയംഭരണം, DELSA എന്നീ വകുപ്പുകളുടെ ഏകോപനത്തിലൂടെ 14 |
| (സി) | ഇതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടത്തിവരുന്ന കർമ പരിപാടികൾ വിപുലീകരിക്കുവാനും ശക്തിപ്പെടുത്തുവാനും സർക്കാർ നടപടികൾ സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ജില്ലകളിലെ 28 സന്നദ്ധ സംഘടനകളിലൂടെ 'നിംഹാൻസ്' ന്റെ സാങ്കേതിക സഹായത്തോടെ ടി പദ്ധതി നടപ്പിലാക്കി വരുന്നു.<br>**സൈക്കോ സോഷ്യൽ കൗൺസിലിംഗ് പ്രോഗ്രാം:** സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളിൽ പഠിക്കുന്ന കൗമാരപ്രായക്കാരായ കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും കൗൺസിലിംഗ് സേവനങ്ങൾ നടത്തുന്നതിനുമായി സംസ്ഥാനത്തെ 1012 സ്കൂളുകളിൽ കൗൺസിലർമാർ പ്രവർത്തിച്ചു വരുന്നു. കുട്ടികളുടെ ബൗദ്ധിക നിലവാരവും മാനസികാരോഗ്യവും ഉയർത്തുന്നതിനും പ്രത്യേകം പദ്ധതികളുണ്ട്.<br>**കരുതൽസ്പർശം:** ഉത്തരവാദിത്ത പൂർണ്ണമായ രക്ഷാകർതൃത്വം ഉറപ്പുവരുത്തുന്നതിനുമായി മാതാപിതാക്കളെയും പൊതുസമൂഹത്തെയും ബോധവത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കരുതൽ സ്പർശം പദ്ധതിയുടെ മുഴുവൻ പഞ്ചായത്തുകളിലും അംഗൻവാടികൾ കേന്ദ്രീകരിച്ചും നടപ്പിലാക്കി വരുന്നു.<br>**ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തനങ്ങൾ:** ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളും, എക്സൈസ് വകുപ്പ്, പോലീസ് വകുപ്പ് എന്നിവയുമായി ചേർന്ന് സംയുക്തമായി സ്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ